'ഭരണഭാഷ–മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്– തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിലെ ഒഫ്താൽമിക് കോർഡിനേറ്റർ ആയ ശ്രീമതി. ബിന്ദു. വി. സിദ്ധിഖ് –ന്റെ പേരിലുള്ള KSID/LI/289360380 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം – സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 –ൽ ഇളവ് നൽകി – പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്–ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3389/2025/ധന** **തിരുവനന്തപുരം, തീയതി, 04/04/2025**

---

പരാമർശം :- 1. ശ്രീമതി. ബിന്ദു. വി. സിദ്ധിഖ് സമർപ്പിച്ച 23/08/2024 തീയതിയിലെ അപേക്ഷ
2. ഇൻഷുറൻസ് ഡെപ്യൂട്ടി ഡയറക്ടറുടെ 17/02/2025 തീയതിയിലെ കെ.എസ്.ഐ.ഡി/1538/2024 എച്ച്. ക്യൂ ജി.എസ് 2 നമ്പർ കത്ത്.
3. 16/11/1988 – ലെ സ.ഉ(പി) നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിലെ ഒഫ്താൽമിക് കോർഡിനേറ്റർ ആയ ശ്രീമതി. ബിന്ദു. വി. സിദ്ധിഖ്, ടിയാളുടെ പേരിലുള്ള KSID/LI/289360380 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം തീർപ്പാക്കിയത് പുനഃപരിശോധിച്ച് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീമതി. ബിന്ദു. വി. സിദ്ധിഖ് 13/05/1993 –ൽ അംഗത്വം എടുത്ത 289360380 നമ്പർ എസ്.എൽ.ഐ പോളിസിയുടെ 11/1996 മുതൽ 04/1997 വരെയുള്ള 6 മാസത്തെ പ്രീമിയം മുടക്കം വരികയും തുടർന്ന് മുടക്കം വന്ന കാലയളവിലെ പ്രീമിയം മാത്രം 02/05/1997 –ൽ കിഴിക്കൽ നടത്തുകയാണ് ചെയ്തതെന്നും '6' മാസം പ്രീമിയം മുടങ്ങിയതിനാൽ പരാമർശം (3) –ലെ എസ്.എൽ.ഐ ചട്ടം 20.3 പ്രകാരം ആണ് തൃശ്ശൂർ ജില്ലാ ഇൻഷുറൻസ് ഓഫീസർ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്നും പരാമർശം (2) പ്രകാരം ഇൻഷുറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസവാവധിയെ തുടർന്നുള്ള ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ ശ്രീമതി. ബിന്ദു. വി. സിദ്ധിഖ് –ന്റെ KSID/LI/ 289360380 നമ്പർ എസ്.എൽ.ഐ പോളിസിയുടെ 11/1996 മുതൽ 04/1997 വരെയുള്ള കാലയളവിൽ മുടക്കം വന്ന പ്രീമിയം ഒരുമിച്ച് 02/05/1997–ൽ ഒടുക്കു വരുത്തിയിരുന്നു. പിഴപ്പലിശ ഒടുക്കിയിട്ടില്ലാത്തതിനാലാണ് പോളിസി ലാപ്സായത്. മുടക്കം വന്ന കാലയളവിലെ പ്രീമിയം ഒടുക്കു വരുത്തിയിരുന്നു എന്നതിനാലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 ൽ ഇളവ് നൽകി, മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്തതിനു ശേഷം പോളിസിയുടെ (KSID/LI/289360380) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, തൃശ്ശൂർ (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
ശ്രീമതി. ബിന്ദു. വി. സിദ്ധിഖ്, ഒഫ്ത്താൽമിക് കോർഡിനേറ്റർ, ജനറൽ ഹോസ്പിറ്റൽ, തൃശ്ശൂർ
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 2914474/എസ്റ്റാ-ഡി2/120/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ